**കാറ്റഗറി നമ്പർ : 664/2022**

കേരള സർക്കാർ സർവ്വീസിൽ തഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ഓൺലൈനായി മാത്രം ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്ട്രേഷൻ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| **1.** | വകുപ്പ് | : | ജലസേചനം |
| **2.** | ഉദ്യോഗപ്പേര് | : | അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ)<br>**(ജലസേചന വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ/ ഓവർസീയർ ഗ്രേഡ് I , ഗ്രേഡ് II, ഗ്രേഡ് III, ക്ലർക്ക്, ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ടുള്ള നിയമനം)** |
| **3.** | ശമ്പളം | : | ₹55200-115300/- |
| **4.** | ഒഴിവുകളുടെ എണ്ണം | : | 01 (ഒന്ന്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും, ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

| | | | |
|---|---|---|---|
| | പ്രതിരോധ സേനയിൽ സേവനമനുഷ്ഠിക്കേണ്ട ബാധ്യത | : | മേൽപ്പറഞ്ഞ ഉദ്യോഗത്തിന് നിയമിക്കപ്പെടുന്നവർ പ്രതിരോധസേനയിലെ സേവനം ആവശ്യപ്പെടുന്ന സമയത്ത് അവർ ഉയർന്ന തസ്തികയിൽ സേവനമനുഷ്ഠിക്കുകയാണെങ്കിൽ പോലും അവരുടെ ആദ്യത്തെ **10** വർഷത്തെ സേവനത്തിനിടയിൽ **4** വർഷം (പരിശീലനകാലമുൾപ്പെടെ) പ്രതിരോധ സർവീസിലോ പ്രതിരോധം സംബന്ധിച്ച ജോലിയിലോ ഇന്ത്യയിലെവിടെയെങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഈ നിർബന്ധിത സൈനികസേവനം **40** വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ബാധകമല്ല. |
| **5.** | **നിയമന രീതി** | : | ജലസേചന വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻ/ ഓവർസീയർ ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III തസ്തികകളിൽ രണ്ട് വർഷത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ള ഓവർസീയർ ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III തസ്തികകളിലുള്ളവരിൽ നിന്നും ടി വകുപ്പിലെ ക്ലർക്ക്, ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക്,കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ ആറ് വർഷത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ള ക്ലർക്ക്, ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലുള്ളവരിൽ നിന്നും നടത്തുന്ന നേരിട്ടുള്ള നിയമനം. **(10.12.1976 തീയതിയിലെ GO(MS) No.266/76/PW)** |
| **6.** | **പ്രായപരിധി** | : | 01.01.2022-ൽ 20(ഇരുപത്)വയസ് തികഞ്ഞിരിക്കേണ്ടതാണ്. ഉയർന്ന പ്രായപരിധി ഈ തെരഞ്ഞെടുപ്പിന് ബാധകല്ല. |
| **7.** | **യോഗ്യതകൾ** | : എ. | (1)കേരള സർവ്വകലാശാലയുടെ മെക്കാനിക്കൽ എഞ്ചിനീയറിംങ്ങിലുള്ള ബി.എസ്.സി. ബിരുദമോ തത്തുല്യ യോഗ്യതയോ |

അല്ലെങ്കിൽ

(2)മദ്രാസ് സർവ്വകലാശാലയുടെ മെക്കാനിക്കൽ എഞ്ചിനീയറിംങ്ങിലുള്ള ബി. ഇ. ബിരുദമോ തത്തുല്യ യോഗ്യതയോ

അല്ലെങ്കിൽ

(3 ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് (ഇന്ത്യ) യുടെ മെക്കാനിക്കൽ എൻജിനീയറിങ്ങിലുള്ള അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യതയോ

അല്ലെങ്കിൽ

(4) ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് (ഇന്ത്യ) യുടെ മെക്കാനിക്കൽ എൻജിനീയറിങ്ങിലുള്ള അസോസിയേറ്റ് മെമ്പർഷിപ്പ് എക്സാമിനേഷന്റെ A യും B യും സെക്ഷനുകൾ പാസായിരിക്കണം

അല്ലെങ്കിൽ

(5)കേരള സർവ്വകലാശാലയുടെ മെക്കാനിക്കൽ എൻജിനീയറിങ്ങിലുള്ള ബി. എസ്.സി. ബിരുദത്തിന് തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത

കൂടാതെ

**ബി.** ഡ്രാഫ്റ്റ്സ്മാൻ/ ഓവർസീയർ ഗ്രേഡ് I , ഗ്രേഡ് II, ഗ്രേഡ് III തസ്തികകളിലുള്ളവർക്ക് ജലസേചന വകുപ്പിൽ ഓവർസീയർ ഗ്രേഡ് I , ഗ്രേഡ് II, ഗ്രേഡ് III തസ്തികകളിൽ കുറഞ്ഞത് രണ്ട് വർഷത്തെ സേവനവും, ക്ലാർക്ക്, ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് – ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലുള്ളവർക്ക് ജലസേചന വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് – ക്ലാർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ ആറ് വർഷത്തിൽ കുറയാത്ത സേവനവും ഉണ്ടായിരിക്കണം.

**കുറിപ്പ്:-**

i) KS & SSR Part I I Rule 10 (a) (ii)ബാധകമാണ്.

ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും , സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും , നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ് . തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ് .

iii) ഉദ്യോഗാർത്ഥികൾ സേവന ദൈർഘ്യം തെളിയിക്കുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവിയിൽ നിന്നോ വകുപ്പ് മേധാവിയിൽ നിന്നോ ലഭിച്ച അസ്സൽ സർവ്വീസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് സർട്ടിഫിക്കറ്റ് അനുബന്ധത്തിൽ നൽകിയിരിക്കുന്ന മാതൃകയിലായിരിക്കണം.

iv) ഏതെങ്കിലും സമയത്ത് യോഗ്യതയുള്ള അപേക്ഷകരെ ലഭിക്കാതെ വരുന്ന പക്ഷം ഡിപ്പാർട്ട്മെന്റൽ ക്വാട്ട ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് വിഭാഗത്തിലെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം വഴി നികത്തുന്നതാണ്.

**അനുബന്ധം**

**സർവ്വീസ് സർട്ടിഫിക്കറ്റ്**

| | | |
|---|---|---|
| 1. | ഉദ്യോഗസ്ഥന്റെ / ഉദ്യോഗസ്ഥയുടെ പേര് | : |
| 2. | ഇപ്പോൾ വഹിക്കുന്ന തസ്തിക | : |
| 3. | ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | : |
| 4. | ശമ്പള സ്കെയിൽ | : |
| 5. | ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി | : |
| 6. | സേവനം സംബന്ധിച്ച വിശദാംശങ്ങൾ (സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ ഇതുവരെയുള്ളത്) | : |

| തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | വകുപ്പ് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| | | | | |

ആകെ സർവ്വീസ് .................... വർഷം ....................... മാസം ................... ദിവസം

മേൽ വിവരങ്ങൾ ഉദ്യോഗാർത്ഥിയുടെ സർവീസ് രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ശ്രീ./ശ്രീമതി. ...................................................................................... ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ **(മെക്കാനിക്കൽ)** (ഡിപ്പാർട്ട്മെന്റ് ക്വാട്ട) തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹത നേടിയ ആളാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഓഫീസ്/വകുപ്പ് മേലധികാരിയുടെ
തീയതി സഹിതമുള്ള ഒപ്പും പേരും
ഔദ്യോഗിക പദവിയും

സ്ഥലം :
തീയതി :

(ഓഫീസ് മുദ്ര)

**8 അപേക്ഷ സമർപ്പിക്കേണ്ട രീതി :**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralapsc.gov.in** വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ **Apply Now** -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ **31/12/2012**-ന് ശേഷം എടുത്തതായിരിക്കണം. 01.01.2022 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് ആണ് പ്രൊഫൈലിൽ അപ് ലോഡ് ചെയേണ്ടത്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും

ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.അവസാന തീയതിക്കു ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും പ്രസ്തുത അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

(ബി) "ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്."

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(എ) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(ബി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ,സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തുപരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അധിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**10.** അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: **01.02.2023 ബുധനാഴ്ച രാത്രി 12.00** മണി വരെ.

11. അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് : www.keralapsc.gov.in

(ഫോട്ടോ , ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് - 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക )

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ